പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 281 — 04.02.2013 ൽ മറുപടിക്ക്

## കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>,, ഐ. സി. ബാലകൃഷ്ണൻ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, ഹൈബി ഈഡൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ നേരിടുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ; | (എ) കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ, ബാലവേല എന്നിവ തടയുന്നതിനായി Anti Human Trafficking Unit (AHTU) കൾ എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പ്, ശിശുക്ഷേമ സമിതി ചൈൽഡ് ലൈൻ സർവ്വീസസ്, സന്നദ്ധസംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, കുടുംബശ്രീ യൂണിറ്റുകൾ, ജനമൈത്രി പോലീസ് എന്നിവയുടെ സഹകരണത്തോടെ സ്ത്രീകളെയും, കുട്ടികളെയും തട്ടിക്കൊണ്ട് പോകുന്നതിനെതിരായി Anti Human Trafficking Unit ന്റെ നേതൃത്വത്തിൽ റെയിഡുകളും, ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നു. കൂടാതെ സ്റ്റുഡന്റ് പോലീസ് കേഡറ്റ്, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് എന്നിവയിലൂടെ ബോധവൽക്കരണ ക്ലാസ്സുകളും, സെമിനാറുകളും നടത്തിയും ഫലപ്രദമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ഇതിനായി പുതിയ നിയമ നിർമ്മാണം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ; | (ബി) മുതൽ (ഡി) വരെ } പെൺകുട്ടികൾ ഉൾപ്പെടെയുള്ള വനിതകൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് 2013 ലെ കേരള വനിതക |

| | |
|---|---|
| | ളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷണബിൽ നിയമസഭയിൽ അവതരിപ്പിക്കാനുള്ള അന്തിമ നടപടികൾ നടന്നുവരുന്നു. |
| (സി) എന്തെല്ലാം കുറ്റങ്ങളും ശിക്ഷകളുമാണ് നിർദ്ദിഷ്ട നിയമത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | |
| (ഡി) ഇതിനായി, എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട് ? | |

സെക്ഷൻ ഓഫീസർ